'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ട്രഷറി ജീവനക്കാര്യം - തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. അരുൺ.കെ.പി -യെ ട്രഷറി വകുപ്പിൽ വയനാട് ജില്ലയിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - സി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2426/2026/ധന** **തീയതി, തിരുവനന്തപുരം, 09/03/2026**

---

പരാമർശം :- 1. 06/02/2013-ലെ സ.ഉ(പി)നം. 05/13/P&ARD
2. 14/11/2014-ലെ സ.ഉ(പി)നം. 38/2014/ P&ARD
3. 03/04/2025-ലെ ശ്രീ. അരുൺ.കെ.പി-യുടെ അപേക്ഷ.
5. സ്റ്റേഷനറി കൺട്രോളറുടെ 22/05/2025-ലെ STY/445/2025-E2(1) നമ്പർ കത്ത്.
6. ട്രഷറി ഡയറക്ടറുടെ 21/01/2026-ലെ TRY/6473/2025-B7 (E;187481) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ .അരുൺ. കെ.പി ട്രഷറി വകുപ്പിലേയ്ക്ക് ജൂനിയർ അക്കൗണ്ടന്റ്/ക്ലാർക്ക് തസ്തികയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ വയനാട് ജില്ലാ ഓഫീസറുടെ നിയമന ശിപാർശ പ്രകാരം, 30/04/2024-ലാണ് ശ്രീ. അരുൺ.കെ.പി സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിൽ നിയമിതനായത്. നിലവിലെ സാഹചര്യത്തിൽ സ്റ്റേഷനറി വകുപ്പിന്റെ വയനാട് ജില്ലാ ഓഫീസിൽ അടുത്ത 5 വർഷത്തിനുള്ളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ വരാൻ സാധ്യതയില്ലെന്നും, അതിനാൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്ന പക്ഷം ടിയാനെ വിടുതൽ ചെയ്യുന്നതിൽ എതിർപ്പില്ലെന്നും പരാമർശം (4) പ്രകാരം സ്റ്റേഷനറി കൺട്രോളർ അറിയിച്ചിട്ടുണ്ട്. ചട്ടങ്ങൾക്ക് വിധേയമായി ടിയാനെ ട്രഷറി വകുപ്പിൽ പ്രവേശിപ്പിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചുകൊണ്ട്, പരാമർശം (1)-ലെ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും ട്രഷറി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് ബന്ധപ്പെട്ട അധികാരികൾ പരസ്പര സമ്മതം നൽകിയ സാഹചര്യത്തിൽ, തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. അരുൺ. കെ. പിയെ ട്രഷറി വകുപ്പിലെ വയനാട് ജില്ലയിൽ 2026 കലണ്ടർ വർഷം എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിൽ നിജപ്പെടുത്തിക്കൊണ്ട് അഞ്ച് വർഷ തത്വത്തിൽ ഇളവ് നൽകി പരാമർശം (1), (2) ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേഷനറി വകുപ്പിൽ നിന്നും ട്രഷറി വകുപ്പിലെ വയനാട് ജില്ലയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുടർനടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം. ജാഫർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

To,

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം.
സ്റ്റേഷനറി കൺട്രോളർ, സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം - 695033
ശ്രീ. അരുൺ.കെ.പി, ക്ലാർക്ക്, സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം - 695033

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ,പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി (E-3399865).

പകർപ്പ്,

പ്രൈവറ്റ് സെക്രട്ടറി (ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ്).
പ്രൈവറ്റ് സെക്രട്ടറി (ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ ഓഫീസ്)

ഉത്തരവിൻ പ്രകാരം

Sinitha.k

സെക്ഷൻ ഓഫീസർ